4. മൈക്രോ സംരംഭങ്ങൾ.

5. ലിങ്കേജ് ബാങ്കിംഗ് പ്രോഗ്രാം.

6. ലീസ് ലാന്റ് ഫാമിംഗ് പ്രോഗ്രാം.

7. ബാലസഭകളുടെ രൂപീകരണം.

8. വിവിധ വകുപ്പുകളുമായി സംയോജിതമായി നടത്തുന്ന പ്രവർത്തനം.

9. അഗതി കുടുംബങ്ങളെ കണ്ടെത്തലും പുനരധിവാസവും.

10. മാനവ വിഭവശേഷി വികസനം.

11. ആരോഗ്യ-വിദ്യാഭ്യാസ-സാമൂഹ്യ മേഖലകളിൽ പ്രത്യേകമായ ഇടപെടൽ മുതലായവ.

വെയിറ്റിംഗ് ഷെഡ്ഡുകൾ നിർമ്മിക്കുന്നതിന് നടപടി

113 (1582) ശ്രീ. ബി. വിജയകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം നഗരത്തിലെ തിരക്കുപിടിച്ച ബസ് സ്റ്റോപ്പുകളിൽ വെയിറ്റിങ്ങ് ഷെഡ്ഡുകൾ ഇല്ലാത്തതിനാൽ ബസ് കാത്തു നില്ക്കുന്ന യാത്രക്കാർക്ക് അനുഭവപ്പെടുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ യാത്രക്കാരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ;

(സി) നഗരത്തിലെ തിരക്കുപിടിച്ച സ്ഥലങ്ങളായ മെഡിക്കൽ കോളേജ്, വഴുതയ്ക്കാട്, ബേക്കറി ജംഗ്ഷൻ എന്നിവിടങ്ങളിൽ ബസ് വെയിറ്റിങ്ങ് ഷെഡ്ഡുകൾ നിർമ്മിക്കുന്നതിന് ആവശ്യമായ നടപടികൾ അടിയന്തിരമായി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) ഉണ്ട്. നഗരത്തിന്റെ വിവിധ ഭാഗങ്ങളിൽ ബി.ഒ.ടി. അടിസ്ഥാനത്തിൽ ബസ് ഷെൽട്ടറുകൾ നിർമ്മിക്കുന്നതിന് ജെയ്സി, റെയിഞ്ച് തുടങ്ങിയ പരസ്യ കമ്പനികൾക്ക് പൊതുമരാമത്ത് വകുപ്പിന്റെയും നാഷണൽ ഹൈവേയുടെയും നിബന്ധനകൾക്ക് വിധേയമായി അനുവാദം നല്കിയിട്ടുണ്ട്. ചില സ്ഥലങ്ങളിൽ ഇതിനകംതന്നെ ബസ് ഷെൽട്ടറുകൾ പണിതിട്ടുമുണ്ട്.

(സി) ബേക്കറി ജംഗ്ഷൻ ഇതിനകംതന്നെ ഒരു ബസ് വെയ്റ്റിംഗ് ഷെൽട്ടർ നിർമ്മിച്ചിട്ടുണ്ട്. മെഡിക്കൽ കോളേജ് വഴുതക്കാട് എന്നീ സ്ഥലങ്ങളിൽ ബസ് വെയിറ്റിംഗ് ഷെൽട്ടർ പണിയുന്നതിന് നടപടികൾ തുടരുന്നതായിരിക്കുമെന്ന് തിരുവനന്തപുരം നഗരസഭ അറിയിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly